# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**ഇടിമിന്നലിനിരയാകുന്നവർക്ക് ദുരിതാശ്വാസം**

1021 ശ്രീ. എൻ.എ. നെല്ലിക്കുന്ന്
,, കെ.എം. ഷാജി
,, അബ്ദുറഹിമാൻ രണ്ടത്താണി
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇടിമിന്നൽ മൂലമുള്ള ജീവനാശവും വിഭവനാശവും വർദ്ധിച്ചുവരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ കാരണങ്ങളെക്കുറിച്ച് പഠനം നടത്തി സമയബന്ധിതമായി റിപ്പോർട്ടുനൽകാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ;

(സി) പ്രസ്തുത ദുരന്തങ്ങൾ കുറയ്ക്കാൻ ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള മുൻകരുതലുകളെക്കുറിച്ച് വിശദമാക്കുമോ;

(ഡി) ഇടിമിന്നൽ മൂലമുണ്ടാകുന്ന ജീവനാശത്തിനും സ്വത്തുനാശത്തിനും പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരം നഷ്ടപരിഹാരം നൽകാൻ വ്യവസ്ഥയുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇക്കാര്യങ്ങൾ പ്രകൃതിക്ഷോഭമായി കണക്കാക്കി അപ്രകാരം നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**

**14.06.2012 -ലെ മറുപടിക്ക്**

**<u>പ്രകൃതി ദുരന്തങ്ങൾ വഴി മരിക്കുന്നവരുടെ ആശ്രിതർക്ക് ധനസഹായം</u>**

**1022 ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇടി, മിന്നൽ എന്നീ പ്രകൃതി ദുരന്തങ്ങൾ വഴി മരിക്കുന്നവരുടെ ആശ്രിതർക്ക് സർക്കാരിൽ നിന്നും നൽകുന്ന നഷ്ടപരിഹാര തുക എത്രയാണെന്നറിയിക്കുമോ;

(ബി) ദുരിതാശ്വാസ നിധിയിൽ നിന്നും സമാശ്വാസ തുക അനുവദിച്ച ശേഷം ഗുണഭോക്താക്കൾക്ക് പ്രസ്തുത തുക കാലതാമസം കൂടാതെ ലഭ്യമാക്കാൻ സമയപരിധി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇടി, മിന്നൽ എന്നീ ദുരന്തങ്ങളിൽ മരിക്കുന്നവരുടെ ആശ്രിതരിൽ ഒരാൾക്ക് സർക്കാർ ജോലി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ

## 14.06.2012 -ലെ മറുപടിക്ക്

**പ്രകൃതിക്ഷോഭം - കാർഷികവിളകൾക്ക് നഷ്ടപരിഹാരം**

1023 **ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതി, പ്രകൃതിക്ഷോഭം എന്നിവ കാരണം കാർഷിക വിളകൾക്ക് ഉണ്ടാകുന്ന നാശ നഷ്ടങ്ങൾക്ക് നഷ്ടപരിഹാരമായി ഇപ്പോൾ എത്ര തുക വീതമാണ് നൽകി വരുന്നത്; നഷ്ടപരിഹാരം കാലതാമസം കൂടാതെ ലഭ്യമാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) കാലവർഷക്കെടുതി, പ്രകൃതിക്ഷോഭം എന്നിവ കാരണം കാർഷിക വിളകൾക്ക് ഉണ്ടാകുന്ന നാശ നഷ്ടങ്ങൾക്ക് നഷ്ടപരിഹാരമായി നൽകുന്ന തുക കാലോചിതമായി പരിഷ്ക്കരിക്കുവാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി

1024 **ശ്രീ. കെ. ദാസന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന സര്‍ക്കാര്‍ ആവിഷ്കരിച്ചിട്ടുളള 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയുടെ വിശദാംശങ്ങള്‍ ലഭ്യമാക്കാമോ ; പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികള്‍ ഇതുവരെ സ്വീകരിച്ചു എന്നത് വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് ഏതെങ്കിലും മുന്‍ മാതൃകയുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി ഇതുവരെ സംസ്ഥാനമാകെ എത്ര അപേക്ഷകള്‍ ലഭിച്ചിട്ടുണ്ട് എന്നത് ജില്ല തിരിച്ചുള്ള കണക്ക് നല്‍കാമോ ;

(ഡി) കൊയിലാണ്ടി നിയോജക മണ്ഡലത്തില്‍ ലഭിച്ചിരുന്ന അപേക്ഷകള്‍ എത്ര എന്നത് വില്ലേജ് തിരിച്ചുളള കണക്ക് ലഭ്യമാക്കാമോ ;

(ഇ) പ്രസ്തുത പദ്ധതി പ്രകാരം അര്‍ഹരായവര്‍ക്ക് എത്ര സെന്റ് സ്ഥലമാണ് നല്‍കാന്‍ ഉദ്ദേശിക്കുന്നത് എന്നത് വ്യക്തമാക്കാമോ; ഇതിനാവശ്യമായ ഭൂമി എവിടെ നിന്ന് എങ്ങനെ കണ്ടെത്തുമെന്ന് വ്യക്തമാക്കാമോ ; ഇതിനായി എത്രമാത്രം ഭൂമി ലഭ്യമാണ് എന്ന് അറിയിക്കുമോ ;

(എഫ്) കൊയിലാണ്ടി നിയോജക മണ്ഡലത്തില്‍ സര്‍ക്കാരിന്റെ ഉടമസ്ഥതയിലും നിലവില്‍ യാതൊന്നിനും ഉപയോഗിക്കാത്തതും, ഏതെങ്കിലും പദ്ധതിക്കായി നീക്കിവച്ചതോ മാറ്റിവച്ചതോ അല്ലാത്തതുമായ ഭൂമി ലഭ്യമാണോ എന്ന് വ്യക്തമാക്കാമോ ; എങ്കില്‍ അതിന്റെ വിശദമായ വിവരങ്ങള്‍ (സര്‍വ്വെ നം, വില്ലേജ്, അംശം, ദേശം മുതലായവ) നല്‍കാമോ ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**പണയ ഭൂമി എറ്റെടുക്കല്‍**

1025 **ശ്രീമതി.കെ.കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ബാങ്കില്‍ പണയപ്പെടുത്തിയ ഭൂമിയുടെ ഒരു ഭാഗം പൊതു ആവശ്യത്തിനായി സര്‍ക്കാര്‍ ഏറ്റെടുക്കുമ്പോള്‍ പാലിക്കേണ്ട നടപടിക്രമങ്ങള്‍ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) സ്ഥലം ഉടമയ്ക്ക് നഷ്ടപരിഹാരം നേരിട്ട് നല്‍കുകയോ ബാങ്കിന് നല്‍കുകയോ ചെയ്യുന്നതിന് നിയമ തടസ്സങ്ങള്‍ ഉണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**ഇടുക്കിയിലെ ഭൂപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി**

1026 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇടുക്കിയിൽ നിലനിൽക്കുന്ന ഭൂപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) ഇടുക്കിയിലെ ഉപേക്ഷിച്ച പദ്ധതി പ്രദേശങ്ങളിലും പത്ത് ചെയിൻ പ്രദേശങ്ങളിലും പട്ടയം നൽകുന്നതിന് 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്;

(സി) നടപ്പു സഭാസമ്മേളനത്തിൽ പ്രസ്തുത ഭേദഗതി നടപ്പിൽ വരുത്താൻ സാധിക്കുമോ; വ്യക്തമാക്കുമോ;

(ഡി) 1.1.1977-നു മുമ്പ് ഭൂമി കൈവശം വച്ചിരിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള തീരുമാനം എന്ന് പ്രാവർത്തികമാക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**ഭൂവിനിയോഗ ബാങ്ക്**

1027 ശ്രീ. കെ. അച്ചുതൻ
'' സി. പി. മുഹമ്മദ്
'' ഐ. സി. ബാലകൃഷ്ണൻ
'' പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂവിനിയോഗ ബാങ്ക് രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) കൃഷി യോഗ്യമല്ലാത്ത സ്ഥലങ്ങൾ ഉൾപ്പെടെയുള്ളവയുടെ ഗ്രേഡ് നിർണ്ണയിക്കുന്നതിനായി ഭൂവിനിയോഗ പദ്ധതി തയ്യാറാക്കുമോ ;

(സി) ഭൂവിനിയോഗ ബാങ്കിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

<u>റവന്യൂ ഭൂമി കൈയ്യേറ്റം തടയൽ</u>

1028 **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കേരളത്തിലെ റവന്യൂ ഭൂമി, കയ്യേറ്റക്കാരിൽ നിന്നും സംരക്ഷിക്കുന്നതിനും തിരിച്ച് പിടിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) മുഴുവൻ സർക്കാർ ഭൂമിയും അളന്ന് തിട്ടപ്പെടുത്തുന്ന നടപടികൾ എപ്രകാരം പൂർത്തീകരിക്കാനാണുദ്ദേശിക്കുന്നത്?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**ഭൂമി കയ്യേറ്റം തടയാൻ ആധുനിക സാങ്കേതിക സംവിധാനം**

**1029** ശ്രീ. എം.എ. വാഹീദ്
,, കെ. അച്ചുതൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കയ്യേറിയ സർക്കാർ വക ഭൂമി തിരിച്ചെടുത്ത് സംരക്ഷിക്കുന്ന തിനും കയ്യേറ്റങ്ങൾ തടയുന്നതിനും എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(ബി) പ്രസ്തുത ആവശ്യത്തിലേയ്ക്കായി ലാന്റ് പ്രൊട്ടക്ഷൻ ഫോഴ്സിന് രൂപം നൽകുന്ന കാര്യം പരിഗണന യിലുണ്ടോ ;

(സി) ഭൂമി സംരക്ഷണത്തിനായി എല്ലാ സ്ഥലങ്ങളിലേയ്ക്കും കണക്റ്റിവിറ്റി ഉൾപ്പെടെ ആധുനിക സാങ്കേതിക സൗകര്യമുളള നിരീക്ഷണ സംവിധാനം സ്ഥാപിക്കുമോ; എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത്?

**കേരള നിയമസഭ**
**14.06.2012 -ലെ മറുപടിക്ക്**

**<u>സമഗ്രപുനരധിവാസ പാക്കേജ്</u>**

1030 ശ്രീ. പി. എ. മാധവന്‍
,, തേറമ്പില്‍ രാമകൃഷ്ണന്‍
,, ഷാഫി പറമ്പില്‍
,, എ. റ്റി. ജോര്‍ജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) വികസനാവശ്യത്തിനായി ഭൂമി ഏറ്റെടുക്കുമ്പോള്‍ ഭൂമി നഷ്ടമാകുന്നവര്‍ക്കായി സമഗ്രപുനരധിവാസ പാക്കേജ് നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികള്‍ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ഇന്‍ഫ്രാസ്ട്രക്ചര്‍ ബോണ്ട് രൂപീകരിക്കുന്നത് സംബന്ധിച്ച പഠന റിപ്പോര്‍ട്ട് തയ്യാറാക്കുവാന്‍ വിദഗ്ദ്ധ സമിതിക്ക് രൂപം നല്‍കിയിട്ടുണ്ടോയെന്നറിയിക്കുമോ;

(സി) മൂല്യം കണക്കാക്കി ഭൂമിയുടെ വില നിര്‍ണ്ണയിക്കുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**ഭൂരഹിതർക്ക് ഭൂമി**

1031 ശ്രീ. എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ
,, എം. പി. വിൻസെന്റ്
.. റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതർക്ക് ഭൂമി നൽകുന്ന പദ്ധതിക്ക് രൂപം നൽയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഏതെല്ലാം ജില്ലകളിലാണ് പ്രസ്തുത പദ്ധതി പൈലറ്റ് പ്രോജക്റ്റായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) സർക്കാർ വക ഭൂമി കൂടുതലുള്ള ജില്ലകളിലേയ്ക്ക് പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**ഭൂരഹിതർക്ക് മിച്ച ഭൂമി വിതരണം**

1032 ശ്രീ. വർക്കല കഹാർ
'' വി. പി. സജീന്ദ്രൻ
'' സണ്ണി ജോസഫ്
'' വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതർക്ക് മിച്ചഭൂമി വിതരണം നടത്തുന്ന കാര്യത്തിൽ സ്വീകരിച്ചുവരുന്ന നയത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) സർക്കാർ ഏറ്റെടുത്തിട്ടുള്ള മിച്ചഭൂമിയിൽ വിതരണം നടത്താതെ ശേഷിക്കുന്ന ഭൂമിയുടെ വിശദവിവരം നൽകുമോ ;

(സി) ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിന് കൂടുതൽ ഭൂമി കണ്ടെത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഏതു വിധത്തിൽ ഭൂമി ഏറ്റെടുക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) വികസന പ്രവർത്തനങ്ങളുടെ ഭാഗമായി കുടിയൊഴിപ്പിക്കപ്പെടുന്ന പാവപ്പെട്ടവർക്ക് മിച്ചഭൂമി വിതരണത്തിൽ മുൻഗണന നൽകുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**ഹാരിസൺ പ്ലാന്റേഷൻസ് ലിമിറ്റഡിന്റെ വനഭൂമി കയ്യേറ്റം**

1033 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
,, എൻ.എ. നെല്ലിക്കുന്ന്
,, പി. ഉബൈദുള്ള
,, കെ.എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഹാരിസൺ പ്ലാന്റേഷൻസ് ലിമിറ്റഡ് സംസ്ഥാനത്തിന്റെ പലഭാഗത്തും വനഭൂമി കൈവശപ്പെടുത്തി പട്ടയം തരപ്പെടുത്തിയത് വ്യാജരേഖകളുടെയും കൃത്രിമവിവരങ്ങളുടെയും അടിസ്ഥാനത്തിലായിരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതേക്കുറിച്ച് അന്വേഷിച്ച് വസ്തുതകൾ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) തോട്ടം മേഖലയിൽ വ്യാജരേഖകളുടെ അടിസ്ഥാനത്തിൽ വനഭൂമിയും മറ്റ് സർക്കാർ ഭൂമിയും കൈയേറുകയും പട്ടയം നേടുകയും ചെയ്തതു സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ടോ; ആയതിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വിഷയത്തിൽ റവന്യൂ, ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെ സംയുക്ത ടീം രൂപീകരിച്ച് പരിശോധന നടത്തി അന്യാധീനപ്പെട്ട സർക്കാർ ഭൂമി കണ്ടെത്തി തിരിച്ചെടുക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**സർക്കാർ ഭൂമി സംഘടനകൾക്കും സ്ഥാപനങ്ങൾക്കും പതിച്ചു നൽകൽ**

1034 **ശ്രീ. വി. ചെന്താമരാക്ഷൻ**

താഴെ കാണുന്ന ചോദ്യത്തിന്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ സർക്കാർ വക ഭൂമി പതിച്ചു തരുന്നതിലേക്ക് ഏതെല്ലാം സംഘടനകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അപേക്ഷകൾ ലഭിക്കുകയുണ്ടായി എന്നും അതിൽ ഏതെല്ലാം സംഘടനകൾക്കും സ്ഥാപനങ്ങൾക്കും എത്ര ഭൂമി, ഏവിടെയെല്ലാം നൽകിക്കൊണ്ട് സർക്കാർ ഉത്തരവുകൾ നൽകുകയുണ്ടായിയെന്നും വിശദമാക്കാമോ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

<u>അക്വയർ ചെയ്ത ഭൂമിയിലെ വിളവെടുപ്പ്</u>

1035 ശ്രീമതി. കെ.കെ.ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പൊതു ആവശ്യത്തിനായി അക്വയർ ചെയ്ത ഭൂമിയിലെ വിളകളിൽ നിന്നുള്ള ആദായം എടുക്കാനുള്ള അവകാശം ഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് മുമ്പ് ആർക്കാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അവകാശം ഉടമകൾക്ക് ആണെങ്കിൽ അതിനു വിരുദ്ധമായി ഏതെങ്കിലും സർക്കാർ ഏജൻസികൾ ആദായം എടുത്തിട്ടുണ്ടെങ്കിൽ അവർക്കെതിരെ നിയമനടപടികൾ സ്വീകരി ക്കുവാൻ സ്ഥലം നഷ്ടപ്പെട്ട ഉടമകൾക്ക് അധികാരമുണ്ടോ; വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

<u>അനധികൃതമായി വിറ്റ ഭൂമി തിരിച്ചുപിടിക്കാൻ നടപടി</u>

1036 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, പി. സി. വിഷ്ണുനാഥ്
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ കുട്ടമംഗലം സർവ്വീസ് സഹകരണ സംഘം ടൂറിസം ലോബിക്കു മിച്ച ഭൂമി മറിച്ചു വിറ്റതിനെകുറിച്ചുളള അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോയെന്നറിയിക്കുമോ;

(ബി) ഇപ്രകാരം വിറ്റ ഭൂമി തിരിച്ചുപിടിച്ച് ഉടമകൾക്ക് വിതരണം ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്നറിയിക്കുമോ;

(സി) ഭൂമി തട്ടിപ്പ് നടന്നപ്പോൾ സഹകരണസംഘം ആരുടെ നിയന്ത്രണത്തിലായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തട്ടിപ്പ് നടത്തിയവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**കടലോര പ്രദേശങ്ങളിലെ ഭൂമി കയ്യേറ്റം**

1037 **ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കടലോര പ്രദേശങ്ങളിൽ സർക്കാർ ഭൂമി വ്യാപകമായി സ്വകാര്യ വ്യക്തികൾ കൈവശപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ ഭൂമി തിരിച്ച് പിടിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**കാസറഗോഡ് ജില്ലയിലെ പുഴ, പുറമ്പോക്ക് കയ്യേറ്റങ്ങൾ**

**1038 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യത്തിന്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

കാസറഗോഡ് ജില്ലയിലെ തീരദേശങ്ങളിൽ വ്യാപകമായ പുഴപുറമ്പോക്ക് പ്രദേശങ്ങളിലെ കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

### തളിപ്പറമ്പ് താലൂക്കിലെ ഭൂപ്രശ്നം

1039

**ശ്രീ. ജെയിംസ് മാത്യു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് താലൂക്കിലെ പട്ടുവം - പന്നിയൂർ - കുറുമാത്തൂർ വില്ലേജുകളടക്കമുള്ള പ്രദേശങ്ങളിലെ ഭൂപ്രശ്നവുമായി ബന്ധപ്പെട്ട ഉത്തരവുകളും ഒത്തുതീർപ്പുകളും നടപ്പാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ 23.06.2010 - ലെ കളക്ടറുടെ ഉത്തരവ്, 2.02.2011 - ലെ ലാന്റ് ബോർഡ് ഉത്തരവ്, 2.04.2012 - ന്റെ കളക്ടറുമായി ഉണ്ടാക്കിയ ഒത്തുതീർപ്പ് എന്നിവയുടെ വിശദാംശങ്ങളും ആയവ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിഷയത്തിൽ അടിയന്തിരമായി നടപടികൾ പൂർത്തീകരിച്ച് പ്രശ്നത്തിന് സമ്പൂർണ്ണ പരിഹാരം എന്ന് ഉണ്ടാവുമെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**പൊതു ഭൂമി സംരക്ഷണ സേന**

1040 **ശ്രീ. പി. ഉബൈദുള്ള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമിയിലെ കയ്യേറ്റം തടയുന്നതിനും പൊതു മുതൽ സംരക്ഷിക്കുന്നതിനും ഈ സർക്കാർ അധികാരമേറ്റശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇക്കാര്യത്തിനായി പൊതുഭൂമി സംരക്ഷണ സേന (പി.എൽ.പി.എഫ്.) രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) എങ്കിൽ അതിന്റെ ഘടന വിശദമാക്കുമോ ?

**കേരള നിയമസഭ**

**14.06.2012 -ലെ മറുപടിക്ക്**

**<u>ഗോൾഫ് ക്ലബ്ബിന്റെ നടത്തിപ്പ് ചുമതല</u>**

1041 **ശ്രീ. പി. കെ. ഗുരുദാസൻ**
**,, വി. ശിവൻകുട്ടി**
**,, രാജു എബ്രഹാം**
**,, ബി. സത്യൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **തിരുവനന്തപുരത്തുള്ള ഗോൾഫ് ക്ലബ്ബിന്റെ നടത്തിപ്പ് ചുമതല അതിന്റെ മുൻഭാരവാഹികൾക്ക് കൈമാറാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;**

(ബി) **ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് ഇക്കാര്യം ചർച്ച ചെയ്യുകയുണ്ടായോ; യോഗ തീരുമാനം എന്തായിരുന്നു;**

(സി) **ക്ലബ്ബ് ഏറ്റെടുക്കാൻ സർക്കാരിന് അനുമതി നൽകിക്കൊണ്ടുള്ള സുപ്രീംകോടതി നിർദ്ദേശം എന്തായിരുന്നു; വിശദമാക്കാമോ;**

(ഡി) **മുൻസർക്കാർ ക്ലബ്ബ് ഏറ്റെടുത്ത് സർക്കാരിൽ നിക്ഷിപ്തമാക്കിയ നടപടി പുന:പരിശോധിക്കാൻ ഇപ്പോൾ സർക്കാരിനെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ?**

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

<u>പൊന്നാനിയിലെ തണ്ണീർത്തടങ്ങൾ നികത്തൽ</u>

1042 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി നിയോജകമണ്ഡലത്തിൽ ആലങ്കോട്, നന്നംമുക്ക് വില്ലേജുകളിൽ വ്യാപകമായി കൃഷിഭൂമി നികത്തുന്നതുമൂലം തണ്ണീർത്തടങ്ങൾ ഇല്ലാതാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രദേശങ്ങളിൽ വയൽ നികത്തൽ തടയാൻ ചെന്ന സംഘടനാ നേതാവായ ശ്രീ. സത്യനെ അപായപ്പെടുത്താൻ ശ്രമിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ എന്തു നടപടി സ്വീകരിച്ചു എന്നറിയിക്കുമോ;

(സി) നികത്തിയ മണ്ണ് നീക്കം ചെയ്യാനുള്ള കളക്ടറുടെ ഉത്തരവ് പാലിക്കപ്പെട്ടിട്ടുണ്ടോയെന്നറിയിക്കുമോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി റവന്യൂ വകുപ്പ് സെക്രട്ടറിയോട് നടപടി സ്വീകരിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**<u>തൃശ്ശൂർ ജില്ലയിലെ നിലം നികത്തൽ</u>**

1043 **ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ നിലം നികത്തൽ വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിലം നികത്തുന്നതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അവയുടെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സുകൾ**

1044 **ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലിരിക്കുന്ന നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ ലംഘിച്ച് നിലം നികത്തുകയോ പരിവർത്തിതപ്പെടുത്തുകയോ ചെയ്തതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ 2011 മേയ് മുതൽ 2012 മേയ് വരെ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പിഴ ഈടാക്കിയിട്ടുളള കേസ്സുകൾ ഉണ്ടോ; എങ്കിൽ എത്ര; പിഴ ഇനത്തിൽ എത്ര തുകയാണ് ലഭിച്ചിട്ടുള്ളത് എന്നു വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**14.06.2012 -ലെ മറുപടിക്ക്**

**ആർ.ഡി.ഒ. കോടതികളിലെ ഭൂമി സംബന്ധമായ കേസ്സുകൾ**

**1045 ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആർ.ഡി.ഒ. കോടതികളിൽ എത്ര ഭൂമി സംബന്ധമായ കേസുകൾ നിലവിലുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കേസുകൾ അടിയന്തിരമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

<u>റിവർ മാനേജ്മെന്റ് ഫണ്ട്</u>

1046 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മിക്ക നദികളും, പുഴകളും, അരുവികളും അനധികൃത മണലെടുപ്പ് കാരണം നശിച്ചുകൊണ്ടിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു തടയുന്നതിനായി ഫലവത്തായ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ റിവർ മാനേജ്മെന്റ് ഫണ്ടിൽ നാളിതുവരെ എത്ര തുക ശേഖരിച്ചിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഫണ്ട് ഉപയോഗപ്പെടുത്തി ഭാരതപ്പുഴ സംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി എന്ന് വിശദീകരിക്കാമോ;

(ഡി) ഏതെല്ലാം പദ്ധതികൾ ആണ് സർക്കാർ തീരുമാനത്തിനായി പരിഗണനയിലുള്ളത് എന്നും പ്രസ്തുത പദ്ധതികൾ എപ്പോൾ നടപ്പിലാക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

## മലപ്പുറത്തെ റിവർ മാനേജ്മെന്റ് ഫണ്ട്

1047 ശ്രീ. പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യത്തിന്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

മലപ്പുറം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഇപ്പോൾ എത്ര തുക ഉണ്ടെന്നും പ്രസ്തുത ഫണ്ടുപയോഗിച്ച് ജില്ലയിൽ കഴിഞ്ഞ രണ്ടുവർഷം എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയോയെന്നും എങ്കിൽ പദ്ധതികൾ ഏതൊക്കെ എന്നും ഓരോന്നിനും മുടക്കിയ തുക എത്രയെന്നും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

<u>വെള്ളപ്പൊക്കദുരിതാശ്വാസ ഫണ്ടിൽനിന്ന് അനുവദിച്ച തുക</u>

1048 **ശ്രീ. എം. വി. ശ്രേയാംസ് കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വെള്ളപ്പൊക്കദുരിതാശ്വാസ ഫണ്ടിൽ നിന്നും എത്ര കോടി രൂപയുടെ പ്രവൃത്തികൾക്ക് അനുമതി നൽകിയെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രസ്തുത ഫണ്ടിൽ നിന്നും എത്ര കോടി രൂപയുടെ പ്രവൃത്തികൾക്ക് വയനാട് ജില്ലയിൽ അനുമതി നൽകിയെന്നുള്ളതിന്റെ താലൂക്ക്തല വിശദാംശം ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**വെള്ളപ്പൊക്കദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തി പൊതുനിരത്തുകൾ നന്നാക്കുന്നതിന് നടപടി**

1049 **ശ്രീ. വി. ശിവൻകുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്കദുരിതാശ്വാസ പദ്ധതി (ഫ്ളഡ്റിലീഫ്) യിൽപ്പെടുത്തി പൊതുനിരത്തുകൾ നന്നാക്കുന്നതിന് നിലവിൽ നടപടി സ്വീകരിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ മാനദണ്ഡം എന്താണെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

<u>ആലപ്പുഴയിലെ സുനാമി ഫണ്ട് വിനിയോഗം</u>

1050 **ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ സുനാമി ഫണ്ട് മുഴുവനും ചെലവഴിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഏതെല്ലാം മേഖലകളിലാണ് ചെലവഴിച്ചതെന്നതു സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

(ബി) ഏതെങ്കിലും മേഖലയ്ക്കനുവദിച്ച തുക ഇനിയും ചെലവഴിക്കാനുണ്ടോ; എങ്കിൽ ചെലവഴിക്കാൻ കഴിയാഞ്ഞതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകൾ എത്രയാണെന്നും ഏതു മേഖലകളിലാണെന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**വടകര മുൻസിപ്പാലിറ്റിയിലെ സുനാമി ഫണ്ട് വിനിയോഗം**

1051 **ശ്രീ. സി. കെ. നാണു**

താഴെ കാണുന്ന ചോദ്യത്തിന്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വടകര മുനിസിപ്പാലിറ്റി, ചോറോട്, ഒഞ്ചിയം, അഴിയൂർ, ഏറാമല പഞ്ചായത്ത് എന്നിവിടങ്ങളിൽ സുനാമി ഫണ്ട് ഉപയോഗിച്ച് എന്തെല്ലാം പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**എൽ.എ കമ്മിറ്റികളുടെ രൂപീകരണം**

1052 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എൽ.എ കമ്മിറ്റികൾ നിലവിലുണ്ടോ എന്നും എങ്കിൽ അവ യോഗം ചേരാറുണ്ടോ എന്നും അറിയിക്കാമോ;

(ബി) ഇല്ലെങ്കിൽ എൽ.എ കമ്മിറ്റികൾ രൂപീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) എൽ.എ കമ്മിറ്റികൾ നിലവിലില്ലെങ്കിൽ ആയത് രൂപീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**കാസർഗോഡ് ജില്ലയിലെ റീസർവ്വെ നടപടികൾ**

1053 **ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യത്തിന്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

കാസർകോഡ് ജില്ലയിൽ ഏതൊക്കെ വില്ലേജുകളിലാണ് റീസർവ്വെ നടപടി പൂർത്തീകരിച്ചതെന്നും ഇനി എത്ര പ്രദേശങ്ങളിൽ റീസർവ്വെ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**പൊതു ആവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാര വ്യവസ്ഥകൾ**

1054 **ശ്രീമതി കെ. എസ്. സലീഖ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പൊതു ആവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നഷ്ടപരിഹാര വ്യവസ്ഥകൾക്ക് എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇപ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂമി വിട്ടുതരുന്നവരുടെ ആവശ്യങ്ങൾ അംഗീകരിച്ചും, നഷ്ടപരിഹാര തുക നൽകിയതിനു ശേഷവും മാത്രമേ ഭൂമി ഏറ്റെടുക്കാവൂ എന്ന നിർദ്ദേശം നടപ്പിൽ വരുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര ഹെക്ടർ ഭൂമി പൊതു ആവശ്യങ്ങൾക്കായി ഏറ്റെടുത്തു; ആയതിലേയ്ക്ക് ചെലവഴിച്ച തുക എത്ര; ജില്ല തിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**പാലക്കാട് ജില്ലയിൽ എൻ.എച്ച്.47 വികസനവുമായി ബന്ധപ്പെട്ട് നൽകിയ നഷ്ടപരിഹാരം**

1055 **ശ്രീ. എ. കെ. ബാലൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ദേശീയപാത 47-ന്റെ വികസനത്തിന് വടക്കഞ്ചേരി മുതൽ വാണിയമ്പാറ (തരൂർ മണ്ഡലം) വരെ 9 കി.മീ. ദൂരം ഭൂമി വിട്ടു നൽകിയവർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന് നിശ്ചയിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് പറയാമോ;

(ബി) തൃശൂർ ജില്ലയിൽ നൽകിയ നഷ്ടപരിഹാരം പാലക്കാട് ജില്ലയിൽ നൽകിയിട്ടില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നിലപാട് എന്താണെന്ന് അറിയിക്കാമോ;

(സി) ഭൂമി വിട്ടു നൽകിയവർക്കുള്ള നഷ്ടപരിഹാരം രണ്ട് ജില്ലയിലും ഒരേ മാനദണ്ഡപ്രകാരം നൽകാനുള്ള നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**കുളത്തൂപ്പുഴയിൽ റവന്യൂ വകുപ്പ് കെ.എസ്.ഇ.ബി.യ്ക്ക് കൈമാറിയ സ്ഥലം**

**1056 ശ്രീ. കെ. രാജു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജക മണ്ഡലത്തിലെ കുളത്തൂപ്പുഴ വില്ലേജിൽ റവന്യൂ വകുപ്പിൽ നിന്നും കെ.എസ്.ഇ.ബി.ക്ക് കൈമാറ്റം ചെയ്യപ്പെട്ട സ്ഥലം അളന്നുതിരിച്ച് നൽകണമെന്ന് നിരവധി നാളുകളായി കെ.എസ്.ഇ.ബി. ആവശ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആവശ്യം അടിയന്തിരമായി നിറവേറ്റാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

<u>ഇടുക്കിയിൽ ആധുനിക ഭൂകമ്പമാപിനി</u>

1057 **ശ്രീ. കെ. കെ. ജയചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഭൂചലനങ്ങൾ തുടരെ അനുഭവപ്പെടുന്ന ഇടുക്കി ജില്ലയിൽ ദുരന്തനിവാരണ സേനാ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചിരുന്നോ ; എങ്കിൽ പ്രവർത്തനം സംബന്ധിച്ച വിശദാംശം നൽകുമോ ;

(ബി) ഇടുക്കിയിൽ നിലവിലുള്ള ഭൂകമ്പമാപിനി എത്ര വർഷം പഴക്കമുള്ളതാണ് ; കാലപ്പഴക്കമുള്ള ഭൂകമ്പമാപിനി ഉപയോഗപ്പെടുത്തുന്നതിനാൽ ഭൂകമ്പങ്ങളുടെ തോത് അളക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ആധുനിക രീതിയിലുള്ള ഡിജിറ്റൽ ഭൂകമ്പമാപിനികൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ; എങ്കിൽ ഇടുക്കിയിൽ എത്രയെണ്ണം സ്ഥാപിക്കുമെന്ന വിവരം വെളിപ്പെടുത്തുമോ ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**കുന്ദമംഗലം സബ്താലൂക്ക്**

1058 ശ്രീ. പി. റ്റി. എ. റഹിം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുന്ദമംഗലത്ത് പ്രവർത്തിക്കുന്ന സബ് താലൂക്ക് ഓഫീസിൽ എത്ര ജീവനക്കാരുണ്ടെന്ന് അറിയിക്കുമോ ; പ്രസ്തുത ഓഫീസിന് സ്വന്തമായി കെട്ടിടമുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) കേരളത്തിലെ ഏറ്റവും ജനസംഖ്യയുള്ള താലൂക്കാണ് കോഴിക്കോട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കുന്ദമംഗലം സബ് താലൂക്കിൽ ഡെപ്യൂട്ടി താഹസീൽദാരുടെ തസ്തിക, അഡീഷണൽ തഹസീൽദാരുമാരുടേതാക്കി ഉയർത്തുന്നത് പരിഗണനയിലുണ്ടോ ; ഇത് സംബന്ധിച്ച് എന്തെങ്കിലും ഫയൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ ;

(സി) താലൂക്ക് ഓഫീസിലെ തഹസീൽദാരുടെ ജോലി ഭാരം കുറയ്ക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ ; എങ്കിൽ ജോലിഭാരം കുറയ്ക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**കോഴിക്കോട് റൂറൽ എ.ആർ. ക്യാമ്പിന്റെ സമീപത്തെ റോഡ്**

1059 **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് റൂറൽ എ.ആർ. ക്യാമ്പിന്റെ ഒരു വശത്തുകൂടി ജീപ്പ് റോഡിന് അനുമതി നൽകുന്നത് സംബന്ധിച്ച് ആഭ്യന്തരവകുപ്പിൽ നിന്നും എന്തെങ്കിലും നിർദ്ദേശമോ കത്തോ ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ; എങ്കിൽ എന്നാണ് ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് കോഴിക്കോട് ജില്ലാ കളക്ടറിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ട് കത്ത് അയച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് കത്ത് അയച്ചത് എന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത റോഡിന് അനുമതി നൽകുന്നത് സംബന്ധിച്ച് രണ്ട് വർഷമായിട്ടും തീരുമാനമാകാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വെളിപ്പെടുത്തുമോ ;

(ഇ) കോഴിക്കോട് എ.ആർ. ക്യാമ്പിന്റെ ഒരു വശത്തുകൂടി ജീപ്പ് റോഡിന് അനുമതി നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ എന്നറിയിക്കുമോ ;

(എഫ്) റോഡിന് അനുമതി നൽകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**തിരുവില്വാമല മോഡൽ റസിഡൻഷ്യൽ സ്കൂളിന് ഭൂമി**

1060 **ശ്രീ. കെ. രാധാകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ തിരുവില്വാമലയിൽ പട്ടികജാതി വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിന് കെട്ടിടങ്ങളും മറ്റടിസ്ഥാന സൗകര്യങ്ങളും നിർമ്മിക്കുന്നതിനു വേണ്ടി പഞ്ചായത്തിന്റെ കൈവശമുള്ള ഭൂമി ആവശ്യപ്പെട്ടിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മറ്റ് യാതൊരാവശ്യങ്ങൾക്കും ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി പ്രസ്തുത ആവശ്യത്തിലേക്കായി അനുവദിക്കാവുന്നതാണെന്ന് പഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ ഭൂമി കൈമാറ്റത്തിന് റവന്യൂ വകുപ്പിന്റെ അനുമതി ലഭിക്കേണ്ട ആവശ്യം മാത്രമാണുള്ളതെന്ന വസ്തുത ശരിയാണോ;

(ഡി) എങ്കിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നൽകേണ്ട ലക്ഷ്യത്തോടെയുള്ള എം.ആർ.എസ്-നു വേണ്ടി ഭൂമി കൈമാറ്റം ചെയ്യാൻ റവന്യൂ വകുപ്പിൽ നിലവിലുള്ള ഫയലിന്മേൽ അനുകൂലമായ തീരുമാനമെടുക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

<u>കുറുമത്തൂർ ഗവൺമെന്റ് ഐ. ടി. ഐ. യ്ക്ക് ഭൂമി</u>

1061 ശ്രീ. ജെയിംസ് മാത്യൂ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് മണ്ഡലത്തിലെ കുറുമത്തൂർ ഗവൺമെന്റ് ഐ. ടി. ഐ. -യ്ക്ക് കെട്ടിടം പണിയുന്നതിന് ഭൂമി ലഭ്യമാക്കുന്നതിലേയ്ക്കായി എപ്പോഴാണ് നടപടികൾ ആരംഭിച്ചത് എന്നതും ഇക്കാര്യത്തിൽ ഇതുവരെ റവന്യൂ വകുപ്പിൽ നിന്നും ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ നിന്നും കണ്ണൂർ കളക്ട്രേറ്റിൽ നിന്നും സ്വീകരിച്ച നടപടികളുടെ വിശദാംശവും ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത നടപടിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും ഇക്കാര്യത്തിൽ സ്വീകരിക്കാൻ കഴിയുന്ന നടപടിയുടെ സ്വഭാവും അറിയിക്കുമോ ;

(സി) നടപടികൾ പൂർത്തീകരിച്ച് എന്ന് ഭൂമി ലഭ്യമാക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

<u>മേഞ്ഞാണ്യം വില്ലേജ് ഓഫീസിന് കെട്ടിടം</u>

1062

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മേഞ്ഞാണ്യം വില്ലേജ് ഓഫീസ് ഇപ്പോൾ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് വാടകയിനത്തിൽ നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) മേഞ്ഞാണ്യം വില്ലേജ് ഓഫീസിനായി പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായോ എന്ന് വെളിപ്പെടുത്തുമോ; എങ്കിൽ എപ്പോഴാണ് പണി പൂർത്തിയാക്കിയത് എന്ന് അറിയിക്കുമോ;

(സി) വാടകക്കെട്ടിടത്തിൽ നിന്ന് പുതിയ കെട്ടിടത്തിലേക്ക് ഓഫീസിന്റെ പ്രവർത്തനം മാറ്റുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ വാടകയിനത്തിൽ ഖജനാവിൽ നിന്നും പണം നഷ്ടപ്പെടുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**ചാത്തന്നൂർ സബ് ട്രഷറിക്ക് ഭൂമി**

1063 **ശ്രീ. ജി. എസ്. ജയലാൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ സബ് ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിലേക്കായി മീനാട് വില്ലേജിന്റെ പരിധിയിൽപ്പെട്ട ചാത്തന്നൂർ മിനി സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ നിന്നും ഭൂമി ലഭ്യമാക്കുന്നതിലേക്ക് നടപടി ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിരുന്നുവോ;

(ബി) എങ്കിൽ അതിൻമേൽ നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

<u>ഐ. റ്റി. ഐ. കെട്ടിടം നിര്‍മ്മിക്കുന്നതിന് റവന്യൂ ഭൂമി</u>

1064 **ശ്രീ. ജി. സുധാകരന്‍**

താഴെ കാണുന്ന ചോദത്തിന്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

വാടക കെട്ടിടത്തില്‍ പ്രവര്‍ത്തിച്ചുകൊണ്ടിരിക്കുന്ന പുറക്കാട് ഐ. റ്റി. ഐ.യ്ക്ക് സ്വന്തമായി കെട്ടിടം നിര്‍മ്മിക്കുന്നതിന് പുറക്കാട് പഞ്ചായത്തില്‍ ലഭ്യമായ റവന്യൂഭൂമി വിട്ടുകിട്ടുന്നതിനുള്ള അപേക്ഷ റവന്യൂ വകുപ്പിന് ലഭിച്ചിട്ടുണ്ടോ എന്നറിയിക്കുമോ ; എങ്കില്‍ ഇതിന്മേല്‍ സ്വീകരിച്ച നടപടി വിശദമാക്കുമോ ?

**കേരള നിയമസഭ**

**14.06.2012 -ലെ മറുപടിക്ക്**

**ചാലക്കുടിയിൽ കോർട്ട് കോംപ്ലക്സ്, ഫയർസ്റ്റേഷൻ, പെട്രോൾ പമ്പ്, ഗ്യാസ് ഔട്ട്ലെറ്റ് എന്നിവയ്ക്ക് സ്ഥലം**

**1065 ശ്രീ. ബി. ഡി. ദേവസ്സി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ കോർട്ട് കോംപ്ലക്സ്, ഫയർ സ്റ്റേഷൻ എന്നിവയും സിവിൽസപ്ളൈസ് കോർപ്പറേഷന് പെട്രോൾപമ്പും ഗ്യാസ് ഔട്ട്ലെറ്റും നിർമ്മിക്കുന്നതിനാശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുളള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥലം ലഭ്യമാക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**കുന്ദമംഗലം മിനിസിവിൽ സ്റ്റേഷൻ നിർമ്മാണം**

1066 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിലെ കുന്ദമംഗലത്ത് മിനിസിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നത് സംബന്ധിച്ച റവന്യൂ വകുപ്പിലെ 8936/എഫ്2/12/റവന്യൂ. എന്ന ഫയലിലെ നടപടി ഏതുവരെയായി എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**ഉദുമ ഗവൺമെന്റ് ഐ. ടി. ഐ.യ്ക്ക് സ്ഥലം നൽകുന്നതിന് നടപടി**

1067 **ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഉദുമ ഗവൺമെന്റ് ഐ. ടി. ഐ.ക്കുവേണ്ടി പൂല്ലൂർ വില്ലേജിൽ സ്ഥലം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഇത് സംബന്ധിച്ച് റവന്യൂ വകുപ്പിന്റെ പരിഗണനയിലുള്ള ഫയലിൽ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

<u>ചാലിയാര്‍ മൊടവണ്ണക്കടവില്‍ തൂക്കുപാലം നിര്‍മ്മാണം</u>

1068 ശ്രീ. പി. കെ. ബഷീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഏറനാട് താലൂക്കില്‍ ചാലിയാര്‍ പഞ്ചായത്തിലെ മൊടവണ്ണക്കടവില്‍ തൂക്കുപാലം നിര്‍മ്മിക്കുന്നതിനുള്ള നടപടികള്‍ ഏതു ഘട്ടം വരെയായി ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നല്‍കിയിട്ടുണ്ടോ ; എങ്കില്‍ എപ്പോള്‍ നിര്‍മ്മാണപ്രവര്‍ത്തനങ്ങള്‍ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

<u>ചെറുതുരുത്തി തടയണ നിർമ്മാണം</u>

1069 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ചുകൊണ്ടുള്ള ചെറുതുരുത്തിയുടെ തടയണ നിർമ്മാണം തടസപ്പെട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് പറയാമോ; സാങ്കേതിക കാരണങ്ങളാണ് തടയണ നിർമ്മാണം തടസപ്പെടാൻ കാരണമായതെങ്കിൽ അവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഇത് സംബന്ധിച്ച് ജലവിഭവ വകുപ്പ് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത തടയണ നിർമ്മാണത്തിന്റെ സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് നിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**

**14.06.2012 -ലെ മറുപടിക്ക്**

**<u>ഓഫീസേഴ്സ് ക്ലബിന്റെ ഉടമസ്ഥത</u>**

1070 **ശ്രീ. ജി. സുധാകരൻ**
**,, വി. ശിവൻകുട്ടി**
**,, കോലിയക്കോട് എം. കൃഷ്ണൻ നായർ**
**ശ്രീമതി. പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തുള്ള ഓഫീസേഴ്സ് ക്ലബ് ഇപ്പോൾ ആരുടെ ഉടമസ്ഥതയിലാണ്;

(ബി) ഉടമസ്ഥതയുമായി ബന്ധപ്പെട്ട് ഹൈക്കോടതി ഉത്തരവ് ഉണ്ടായിട്ടുണ്ടോ;

(സി) ഹൈക്കോടതി ഉത്തരവ് ഉണ്ടായിട്ടും ഈ സ്ഥലം സർക്കാർ ഏറ്റെടുക്കാൻ അനാസ്ഥ കാണിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം സാഹചര്യം ഉണ്ടാകാൻ കാരണമെന്താണെന്ന് വ്യക്തമാക്കുമോ; ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**പന്തല്ലൂർക്ഷേത്രഭൂമി കയ്യേറ്റം**

1071 **ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പന്തല്ലൂർ ക്ഷേത്രഭൂമിയിൽ നിന്ന് എത്ര ഏക്കർ ഭൂമിയാണ് കയ്യേറിയിട്ടുള്ളതെന്നും, ആരാണ് കയ്യേറിയതെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത ഭൂമി തിരിച്ചുപിടിക്കാൻ ഹൈക്കോടതി നിർദ്ദേശപ്രകാരമുള്ള സർക്കാർ ഉത്തരവ് നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ ഭൂമി തിരിച്ചുപിടിച്ചു എന്നറിയിക്കുമോ ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**മലയാള മനോരമ കുടുംബം അനധികൃതമായി കൈവശം വെച്ചിരുന്ന ക്ഷേത്രം വക ഭൂമി**

1072 **ശ്രീ. ആർ. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലയാള മനോരമ കുടുംബം അനധികൃതമായി കൈവശം വെച്ചിരുന്ന പന്തല്ലൂർ ഭഗവതി ക്ഷേത്രം വക 400 ഏക്കർ ഭൂമി പൂർണ്ണമായും തിരിച്ച് പിടിക്കുകയുണ്ടായോ എന്നറിയിക്കുമോ ;

(ബി) മനോരമ കുടുംബം കൈവശം വെച്ചിരുന്ന ഘട്ടത്തിൽ പ്രസ്തുത ഭൂമിയിൽനിന്നും എത്ര കോടി രൂപ വിലമതിപ്പുള്ള മരങ്ങൾ മുറിച്ചു മാറ്റുകയുണ്ടായെന്ന് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**വീഡിയോ കോൺഫറൻസിംഗ് സംവിധാനമുള്ള താലൂക്കുകൾ**

**1073 ശ്രീ. സി. ദിവാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കറയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം താലൂക്ക് ഓഫീസുകളിലാണ് 'വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി ചെലവാക്കിയ തുക എത്രയെന്നും വ്യക്തമാക്കുമോ;

(സി) ഇതുവഴി ആർജ്ജിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) എല്ലാ താലൂക്കാഫീസുകളിലും എന്ന് പ്രസ്തുത സംവിധാനം ഏർപ്പെടുത്താൻ കഴിയുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**ജില്ല, താലൂക്ക്, വില്ലേജ് രൂപീകരണം**

1074 **ശ്രീ. കെ. എന്‍. എ. ഖാദര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പുതിയ ജില്ല, താലൂക്ക്, വില്ലേജ് എന്നിവ രൂപീകരിക്കുവാന്‍ നടപടി സ്വീകരിച്ചിട്ടുണ്ടോ ; അതിനായി സ്വീകരിക്കുന്ന മാനദണ്ഡങ്ങള്‍ എന്തൊക്കെയാണ് ;

(ബി) നിലവിലുള്ള ജില്ലകളിലെ ജനസംഖ്യയുടെ തോത് ഈ മാനദണ്ഡങ്ങളില്‍ ഉള്‍പ്പെടുന്നുണ്ടോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

<u>പൊതുജനസേവനത്തിന് പുതിയ സംവിധാനം</u>

1075 ശ്രീ. സി. പി. മുഹമ്മദ്
,, ഐ. സി. ബാലകൃഷ്ണൻ
,, പി. സി. വിഷ്ണുനാഥ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പ് പൊതുജനങ്ങൾക്കായി നൽകുന്ന വിവിധ സേവനങ്ങൾ ഫലപ്രദമായി ലഭ്യമാക്കുന്നതിന് പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസ് എന്നിവിടങ്ങളിൽ നിന്ന് ലഭിക്കേണ്ട വിവിധ സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ;

(സി) ഇതിനായി ഒരു പ്രത്യേക സെൽ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**പ്രവാസികൾക്ക് വരുമാന സർട്ടിഫിക്കറ്റ് ലഭിക്കാത്തതിലെ കാലതാമസം**

1076 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെ മക്കളുടെ വിദ്യാഭ്യാസം, ജോലി തുടങ്ങിയ ആവശ്യങ്ങൾക്ക് വില്ലേജ് ഓഫീസുകളിൽ നിന്നും വരുമാന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആവശ്യത്തിനായി അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ നൽകുന്നതിൽ അനാവശ്യമായി കാലതാമസം ഉണ്ടാകുന്നതുമൂലം പല കുട്ടികളുടെയും വിദ്യാഭ്യാസം മുടങ്ങിപ്പോയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ അടിയന്തിരമായി പരിഹാര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**മുകുന്ദപുരം താലൂക്ക് വിഭജനം**

1077 **ശ്രീ. ബി. ഡി. ദേവസ്സി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുകുന്ദപുരം താലൂക്കിനെ വിഭജിച്ച് ചാലക്കുടി ആസ്ഥാനമാക്കി പുതിയ താലൂക്ക് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനായി നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ

## 14.06.2012 -ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിലെ വില്ലേജുകളുടെ വിഭജനം</u>

1078 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഏറനാട് താലൂക്കിലെ നറുകര വില്ലേജിന്റെ വലിപ്പം കണക്കിലെടുത്ത് വിഭജിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ബി) പുതിയ വില്ലേജുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച് പൊതുവായ നിലപാട് എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ ;

(സി) മലപ്പുറം ജില്ലയിലെ വിഭജിക്കാനുദ്ദേശിക്കുന്ന വില്ലേജുകളേതെല്ലാമാണെന്നവിവരം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

<u>ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനം</u>

1079 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗ്രൂപ്പ് വില്ലേജുകൾ വിഭജിച്ച് പ്രത്യേക വില്ലേജ് ഓഫീസുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പരിയാരം, അതിരപ്പിള്ളി എന്നീ പഞ്ചായത്തുകൾ പൂർണ്ണമായും, കോടശ്ശേരി പഞ്ചായത്തിന്റെ ഒരു ഭാഗവും ഉൾപ്പെടുന്ന പരിയാരം ഗ്രൂപ്പ് വില്ലേജ് വിഭജിച്ച് അതിരപ്പിള്ളി പഞ്ചായത്ത് കേന്ദ്രമാക്കി ഒരു പുതിയ വില്ലേജ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**<u>പുതുക്കാട് മണ്ഡലത്തിൽ പട്ടയത്തിന് വേണ്ടിയുള്ള അപേക്ഷകൾ</u>**

**1080 പ്രൊഫ. സി. രവീന്ദ്രനാഥ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പുതുക്കാട് മണ്ഡലത്തിൽ പട്ടയം ലഭിക്കുന്നതിന് വേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ;

(ബി) ലഭിച്ച അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കാത്തവ എത്ര ;

(സി) പുതുക്കാട് പഞ്ചായത്തിലെ കണ്ണമ്പത്തൂരിൽ നിന്നു പട്ടയം ലഭിക്കുന്നതിനുവേണ്ടി അപേക്ഷകൾ ലഭ്യമായിട്ടുണ്ടോ; എങ്കിൽ പട്ടയം നൽകുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ഡി) നടപടികൾ പൂർത്തിയാക്കി മണ്ഡലത്തിലെ പട്ടയത്തിനായി അപേക്ഷിച്ചവർക്ക് എന്ന് പട്ടയം നൽകാനാകും എന്ന് അറിയിക്കുമോ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**<u>ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ പട്ടയം ലഭിക്കുന്നതിനുള്ള അപേക്ഷകൾ</u>**

1081 **ശ്രീ. ജി. എസ്. ജയലാൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട വിവിധ വില്ലേജ് ഓഫീസുകളിൽ നിന്നും ഭൂമിക്ക് പട്ടയം ലഭിക്കുന്നതിലേക്കായി എത്ര അപേക്ഷകളാണ് ലഭിച്ചിരുന്നതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ പട്ടയം ലഭിക്കുവാൻ അർഹതയുള്ളവരായി കണ്ടെത്തിയ എത്ര പേർ ഉണ്ടെന്നും, അവരുടെ പേരും മേൽവിലാസവും സഹിതം അറിയിക്കുമോ;

(സി) ഇവർക്ക് പട്ടയം ലഭിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**ഗുരുവായൂരിൽ റവന്യൂ വകുപ്പിന്റെ ഗസ്റ്റ്ഹൗസ്**

1082 **ശ്രീ. കെ. വി. അബ്ദുൾ ഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ക്ഷേത്രത്തിന്റെ പടിഞ്ഞാറെ നടയിൽ വില്ലേജ് ഓഫീസ് നിൽക്കുന്ന ഭൂമിയിൽ പുതിയ കെട്ടിടവും ഗസ്റ്റ്ഹൗസും നിർമ്മിക്കാനുള്ള റവന്യൂ വകുപ്പിന്റെ തീരുമാനം പ്രാവർത്തിക മാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) ദിവസേന ഗുരുവായൂരിൽ ദർശനത്തിന് എത്തുന്ന ഭക്തർക്ക് മെച്ചപ്പെട്ട താമസസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് റവന്യൂ വകുപ്പ് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

### <u>ജില്ലാ റവന്യൂ ഓഫീസർ</u>

1083 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ ജില്ലാ റവന്യൂ ഓഫീസർ (ഡി. ആർ. ഒ.) തസ്തിക സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആവശ്യം അംഗീകരിക്കുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടോയെന്നറിയിക്കുമോ;

(സി) ഡെപ്യൂട്ടി കളക്ടർമാർക്കായി പ്രസ്തുത തസ്തിക സംവരണം ചെയ്യണമെന്നുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**കോഴിക്കോട് ജില്ലയിൽ റവന്യൂ വകുപ്പിൽ നിലവിലുള്ള വിവിധ തസ്തികകൾ**

1084 **ശ്രീ. ഇ.കെ. വിജയൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

റവന്യൂ വകുപ്പിൽ കോഴിക്കോട് ജില്ലയിൽ ലോവർ ഡിവിഷൻ ക്ലാർക്ക്, വില്ലേജ് അസിസ്റ്റന്റ്, അപ്പർ ഡിവിഷൻ ക്ലാർക്ക്, സ്പെഷ്യൽ വില്ലേജ് ഓഫീസർ എന്നിവയുടെ ആകെ എത്ര തസ്തികകൾ ഉണ്ടെന്നും ഇതിൽ സ്ഥിരം തസ്തിക എത്ര എന്നും അറിയിക്കാമോ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**റവന്യൂ വകുപ്പ് ആലപ്പുഴ ജില്ലയിൽ നടത്തിയ സ്ഥലം മാറ്റങ്ങൾ**

1085 **ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം റവന്യൂ വകുപ്പിൽ നടന്നിട്ടുള്ള സ്ഥലം മാറ്റങ്ങൾക്കെതിരെയുള്ള സമരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; സ്ഥലം മാറ്റങ്ങൾ സംബന്ധിച്ച പരാതികൾ പരിശോധിച്ച് നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ബി) ആലപ്പുഴ ജില്ലയിൽ യു.ഡി. ക്ലാർക്ക്, വില്ലേജ് ഓഫീസർ എന്നീ തസ്തികകളിലുള്ളവരെ വളരെ ദൂരേയ്ക്ക് സ്ഥലം മാറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**ചേർത്തല വഴിതർക്കവുമായി ബന്ധപ്പെട്ട സസ്പെൻഷൻ**

1086 **ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചേർത്തല തെക്ക് വില്ലേജ് പരിധിയിൽപെട്ട വഴിതർക്കവുമായി ബന്ധപ്പെട്ട് അളവ് കേസിൽ സർക്കാർ പുറമ്പോക്ക്അളന്ന് നഷ്ടപ്പെടുത്തിയതിന് സർവ്വേയർമാരെയും ഡ്രാഫ്റ്റ്സ്മാന്മാരെയും ഉൾപ്പെടെ 7 പേരെ സസ്പെന്റ് ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലം സർക്കാർ പുറമ്പോക്കാണോ എന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിലെ സസ്പെന്റ് ചെയ്യപ്പെട്ടവരിൽ രണ്ട് സർവ്വേയർമാരെ മാത്രം സസ്പെൻഷനിൽ നിർത്തിയിരിക്കുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ;

(ഡി) ഈ അളവ് കേസിൽ സബ്ഡിവിഷൻ സ്കെച്ച് മൂന്നുതവണ പരിശോധിച്ച് അപ്രൂവ് ചെയ്തതും തർക്കസ്ഥലംനേരിൽ പരിശോധിച്ച് സ്കെച്ച് തയ്യാറാക്കാൻ സർവ്വേയർക്ക് നിർദ്ദേശം നൽകിയതുമായ ജില്ലാ സർവ്വേ സൂപ്രണ്ടിനെ തിരിച്ചെടുക്കുകയും പ്രെമോഷൻ നൽകി ആലപ്പുഴയിൽ തന്നെ നിയമിക്കുകയും ചെയ്തത് എന്തു കൊണ്ടാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**കയർപിരി മേഖലയിലെ തൊഴിലാളികൾക്കുള്ള ഇൻകം സപ്പോർട്ട് സ്കീം**

1087 **ശ്രീ. കെ. ദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കയർപിരി മേഖലയിലെ തൊഴിലാളികൾക്കായി നിലവിലുള്ള ഇൻകം സപ്പോർട്ട് സ്കീം പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര രൂപ ചെലവഴിച്ചു എന്ന വിവരം വർഷവും ജില്ലയും തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) കയർ സംഘം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പഠിക്കുവാൻ പ്രത്യേക കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ കമ്മിറ്റി ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ; കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോയെന്നറിയിക്കുമോ;

(സി) കൊയിലാണ്ടി മണ്ഡലത്തിൽ പ്രവർത്തിക്കുന്ന കയർ സംഘങ്ങൾ ഏതെല്ലാമാണെന്നും അത് എവിടെയെല്ലാമാണെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**<u>കയർമേഖലയിലെ ബഡ്ജറ്റ് വിഹിതം</u>**

1088 **ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **2005 മുതൽ 2012 വരെയുള്ള ഓരോ സാമ്പത്തിക വർഷവും കയർ വകുപ്പിന് ബഡ്ജറ്റിൽ അനുവദിച്ചിരുന്ന വിഹിതം എത്ര വീതമായിരുന്നു;**

(ബി) **ഓരോ സാമ്പത്തിക വർഷവും എത്ര തുകവീതം ചെലവഴിച്ചു ഇനം തിരിച്ചുള്ള കണക്ക് നൽകുമോ;**

(സി) **2012-2013 സാമ്പത്തിക വർഷം കയർ വകുപ്പിന് അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം എത്രയാണെന്ന് ലഭ്യമാക്കുമോ?**

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

<u>ഹരിതപ്രയത്ന പദ്ധതി</u>

1089 ശ്രീ. പി. എ. മാധവൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കയർഫെഡ് നടപ്പിലാക്കുന്ന 'ഹരിതപ്രയത്ന' പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(ബി) ജില്ല, ബ്ലോക്ക് തലങ്ങളിൽ പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ;

(സി) പ്രസ്തുത പദ്ധതിയുടെ പ്രചരണത്തിനായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**കയര്‍ മേഖലയുടെ സമഗ്ര വികസനം**

1090 ഡോ. എന്‍. ജയരാജ്
ശ്രീ. പി.സി. ജോര്‍ജ്
,, റോഷി അഗസ്റ്റിന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് കയര്‍ മേഖലയുടെ സമഗ്ര വികസനത്തിന് ഉതകുന്ന തരത്തില്‍ എന്തെല്ലാം കര്‍മ്മ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത് എന്ന് അറിയിക്കുമോ;

(ബി) നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ കയര്‍ ഉല്‍പ്പനങ്ങളുടെ വൈവിധ്യവല്‍ക്കരണം യാഥാര്‍ത്ഥ്യമാക്കി കയറ്റുമതി വര്‍ദ്ധിപ്പിക്കാന്‍ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ;

(സി) നടപ്പു സാമ്പത്തിക വര്‍ഷം കയര്‍ ഉല്‍പ്പന്നങ്ങളുടെ ആഭ്യന്തര വിപണി ശക്തിപ്പെടുത്താന്‍ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**

**14.06.2012 -ലെ മറുപടിക്ക്**

**<u>സർക്കാർ ഭൂമിയുടെ റീസർവ്വേ</u>**

**1091 ശ്രീ. ബെന്നി ബെഹനാൻ**
**,, പാലോട് രവി**
**,, സി. പി. മുഹമ്മദ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമിയുടെ റീസർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(ബി) പ്രസ്തുത റീസർവ്വേയിലൂടെ അന്യാധീനപ്പെട്ട സർക്കാർ ഭൂമി സംബന്ധിച്ച കണക്കുകൾ ലഭിച്ചിട്ടുണ്ടോ;

(സി) ഇത്തരത്തിലുളള ഭൂമി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?